"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്-അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി-2023-24 സാമ്പത്തിക വർഷത്തെ അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.155/2024/WCDD തീയതി,തിരുവനന്തപുരം, 03-05-2024

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 01.08.2023 തീയതിയിലെ CD-II-14/2/2023-CD-II(e-105674) നമ്പർ കത്ത്
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 07.10.2023 , 22.03.2024 തീയതികളിലെ DWCD/2772/2023-ICDSA1 നമ്പർ കത്ത്

**ഉത്തരവ്**

സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പ്രതിവർഷം അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനായി 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിൽ തുക വിനിയോഗിച്ചു വരുന്നു. കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ഒരു മെയിൻ അങ്കണവാടിയ്ക്ക് 2000/- രൂപ നിരക്കിലും, മിനി അങ്കണവാടിയ്ക്ക് 1000/- രൂപ നിരക്കിലും തുക വിനിയോഗിക്കാവുന്നതാണ്. പരാമർശം (1) പ്രകാരം ലഭ്യമായ APIP പ്രകാരം 2023-24 വർഷം അങ്കണവാടി കണ്ടിജൻസിയ്ക്ക് (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) തുക വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

(2) അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നടപ്പ് സാമ്പത്തിക വർഷം അങ്കണവാടി കണ്ടിജൻസിയിൽ(അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) അനുവദിക്കുന്ന തുകയിൽ നിന്നും കണ്ടിജൻസി സാധനങ്ങൾ വാങ്ങുന്നതോടൊപ്പം അങ്കണവാടികൾക്ക് മുൻവർഷം കണ്ടിജൻസിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്തിട്ടില്ലാത്തതും, ഏറ്റവും അത്യാവശ്യമുള്ള രജിസ്റ്ററുകളും ഫോറങ്ങളും കൂടി പ്രിന്റ് ചെയ്യുന്നതിനും, അങ്കണവാടി വർക്കർ/ഹെൽപ്പർ സെലക്ഷൻ നടപടികൾക്കായി പരമാവധി 500/- രൂപ വരെ ചെലവഴിക്കുന്നതിനും, അങ്കണവാടികളിലെ കുട്ടികളുടെ വളർച്ചാ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന വെയിംഗ് സ്കെയിലുകളുടെ സീലിംഗിനും സർവ്വീസിംഗിനായും തുക വിനിയോഗിക്കുവാനും ഉദ്ദേശിക്കുന്നതായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) കേന്ദ്ര സർക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷം അങ്കണവാടി കണ്ടിജൻ സി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിലും അങ്കണവാടികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തെ 3 2 9 8 6 അങ്കണവാടികൾ ക്കും 1 2 9 മിനി അങ്കണവാടികൾക്കും അങ്കണവാടി കണ്ടിജൻസിയിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഉൾപ്പെടുത്തി കണ്ടിജൻസി സാധനങ്ങൾ വാങ്ങുന്നതോടൊപ്പം മുൻ വർഷം കണ്ടിജൻസിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യിട്ടില്ലാത്തതും ഏറ്റവും അത്യാവശ്യമുള്ള രജിസ്റ്ററുകളും ഫാറങ്ങളും കൂടി പ്രിന്റ് ചെയ്യുന്നതിനും, അങ്കണവാടി വർക്കർ/ഹെൽപ്പർ സെലക്ഷൻ നടപടികൾക്കായി പരമാവധി 500/- രൂപ വരെ ചെലവഴിക്കുന്നതിനും, അങ്കണവാടികളിലെ കുട്ടികളുടെ വളർച്ചാ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന വെയിംഗ് സ്കെയിലുകളുടെ സീലിംഗ്, സർവ്വീസിംഗ് എന്നിവയ്ക്ക് തുക ചെലവഴിക്കുന്നതിനും, ബ്ലോക്ക് തലത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് ശിശു വികസന പദ്ധതി ഓഫീസർമാർ മുഖാന്തരം വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനും ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ 3,96,60,000/-(മൂന്ന് കോടി തൊണ്ണൂറ്റിആറ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും, 40% സംസ്ഥാന വിഹിതമായ 2,64,40,400/- (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി നാല്പതിനായിരത്തി നാനൂറ് രൂപ മാത്രം) രൂപയും ചേർത്ത് ആകെ 6,61,01,000/- (ആറ് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) രൂപ പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷം അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിലും അങ്കണവാടികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തെ 32986 അങ്കണവാടികൾക്കും 129 മിനി അങ്കണവാടികൾക്കും അങ്കണവാടി കണ്ടിജൻസിയിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഉൾപ്പെടുത്തി കണ്ടിജൻസി സാധനങ്ങൾ വാങ്ങുന്നതോടൊപ്പം മുൻ വർഷം കണ്ടിജൻസിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യിട്ടില്ലാത്തതും ഏറ്റവും അത്യാവശ്യമുള്ള രജിസ്റ്ററുകളും ഫാറങ്ങളും കൂടി പ്രിന്റ് ചെയ്യുന്നതിനും, അങ്കണവാടി വർക്കർ/ഹെൽപ്പർ സെലക്ഷൻ നടപടികൾക്കായി പരമാവധി 500/- രൂപ വരെ ചെലവഴിക്കുന്നതിനും, അങ്കണവാടികളിലെ കുട്ടികളുടെ വളർച്ചാ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന വെയിംഗ് സ്കെയിലുകളുടെ സീലിംഗ്, സർവ്വീസിംഗ് എന്നിവയ്ക്ക് തുക ചെലവഴിക്കുന്നതിനും, ബ്ലോക്ക് തലത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി

സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് ശിശു വികസന പദ്ധതി ഓഫീസർമാർ മുഖാന്തരം വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിനും അനുമതി നൽകിയും ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ 3,96,60,000/-(മൂന്ന് കോടി തൊണ്ണൂറ്റിആറ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും, 40% സംസ്ഥാന വിഹിതമായ 2,64,40,400/- (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി നാല്പതിനായിരത്തി നാനൂറ് രൂപ മാത്രം) രൂപയും ചേർത്ത് ആകെ 6,61,01,000/- (ആറ് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) രൂപ പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-1/326/2023-FIN {2589799} )

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 03-05-2024 16:53:54
സെക്ഷൻ ഓഫീസർ